04 November 2025

# മത്സ്യമേഖലയ്ക്ക് പുതിയ ദിശ: ഉപഗ്രഹ പഠനവും എഐയും അനിവാര്യമെന്ന് ഡോ. എസ്. സോമനാഥ്



**എറണാകുളം:** മത്സ്യമേഖലയിലെ ഗവേഷണ സംവിധാനങ്ങളിൽ ഉപഗ്രഹ അധിഷ്ഠിത സമുദ്രപഠനം അനിവാര്യമാണെന്ന് ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ എസ് സോമനാഥ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന നാലാമത് ആഗോള മറൈൻ സിംപോസിയം (മീകോസ് 4) ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമുദ്രത്തിൻ്റെ ആഴങ്ങളിൽ നിന്ന് ഡേറ്റ ശേഖരിക്കാൻ കഴിയുന്ന ആഴക്കടൽ സെൻസറുകൾ രാജ്യത്തിന് ആവശ്യമാണ്. നിർമിത ബുദ്ധി ഉപയോഗിച്ച് സമുദ്ര ഡേറ്റ സംവിധാനങ്ങളുമായി സംയോജിപ്പിച്ച് വിശകലനം, പ്രവചന മാതൃകകൾ എന്നിവക്കായി ഉപയോഗിക്കാമെന്നും ഡോ. സോമനാഥ് ചൂണ്ടിക്കാണിച്ചു.

**ഹൈപ്പർസ്പെക്ട്രൽ സെൻസറുകൾ അനിവാര്യം**

നിലവിൽ സമുദ്ര നിരീക്ഷണത്തിന് ഹൈപ്പർസ്പെക്ട്രൽ സെൻസറുകളുടെ കുറവുണ്ടെന്നും ഇത് ഭാവിയിലെ സമുദ്ര നിരീക്ഷണത്തിനും മാപ്പിങ്ങിനും നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു. തത്സമയ വിവരശേഖരണവും നിരീക്ഷണ പരിധിയും മെച്ചപ്പെടുത്തുന്നതിനായി ബോയികളുടെയും ആളില്ലാ വ്യോമ വാഹനങ്ങളുടെയും വിന്യാസം വർധിപ്പിക്കേണ്ടതുണ്ട്. കടൽ ആവാസവ്യവസ്ഥയെയും ജീവജാലങ്ങളെയും കൂടുതൽ കൃത്യതയോടെ മനസ്സിലാക്കാൻ സഹായിക്കുന്ന നിരവധി ഉപഗ്രഹങ്ങൾ സമുദ്ര നിരീക്ഷണങ്ങൾക്കായി പരിഗണനയിലുണ്ട്. ഐഎസ്ആർഒ ഇന്ത്യയുടെ ബഹിരാകാശ ഗവേഷണത്തിന് നേതൃത്വം നൽകിയതുപോലെ, സമുദ്ര ഗവേഷണത്തിൽ രാജ്യത്തിൻ്റെ വൈദഗ്ധ്യം ഏകീകരിക്കുന്നതിന് ഒരു സംയോജിത പ്ലാറ്റ്ഫോം ആവശ്യമാണെന്നും ഡോ. സോമനാഥ് കൂട്ടിച്ചേർത്തു.

**മാരിടൈം സഹകരണം: ഇന്ത്യയുടെ മുൻഗണനാ വിഷയം**

മാരിടൈം സഹകരണം ഇന്ത്യയുടെ പ്രധാന മുൻഗണനാ വിഷയം ആണെന്ന് കേന്ദ്ര വിദേശകാര്യ ജോയിൻ്റ് സെക്രട്ടറി സിഎസ്ആർ റാം പറഞ്ഞു. സമുദ്ര സുരക്ഷ, വ്യാപാരം, നീല സമ്പദ്വ്യവസ്ഥയുടെ വികസനം എന്നിവയ്ക്ക് ഈ സഹകരണം നിർണായകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സിഎംഎഫ്ആർഐയുമായി സഹകരിച്ച് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സിംപോസിയം സംഘടിപ്പിച്ചത്.

**ഡോ ജി ഗോപകുമാറിന് പുരസ്കാരം**

നാല് പതിറ്റാണ്ടിലേറെയായി ഫിഷറീസ്, സമുദ്രകൃഷി (മാരികൾച്ചർ) മേഖലക്ക് നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ച് പ്രമുഖ സമുദ്ര ശാസ്ത്രജ്ഞൻ ഡോ ജി ഗോപകുമാറിന് പുരസ്കാരം സമ്മാനിച്ചു. മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് നാലാമത് ഡോ എസ് ജോൺസ് സ്മാരക പുരസ്കാരം നൽകിയത്. സിഎംഎഫ്ആർഐയിലെ മുൻ പ്രിൻസിപ്പൽ സയൻ്റിസ്റ്റും മാരികൾച്ചർ ഡിവിഷൻ മേധാവിയുമായിരുന്നു ഡോ. ഗോപകുമാർ. ഇദ്ദേഹം വികസിപ്പിച്ച മോദ, വളവോടി വറ്റ എന്നീ മീനുകളുടെ കൃത്രിമ വിത്തുൽപാദന സാങ്കേതികവിദ്യയോടെയാണ് കൂടുമത്സ്യകൃഷിക്ക് ഇന്ത്യയിൽ കൂടുതൽ പ്രചാരം കൈവന്നത്. തീരദേശ സമൂഹങ്ങളെ ശാക്തീകരിക്കുന്നതിൽ ഈ സംഭാവനകൾ നിർണായകമായെന്ന് പുരസ്കാര സമിതി വിലയിരുത്തി. നാലാമത് ആഗോള മറൈൻ സിംപോസിയമായ മീകോസിനോടനുബന്ധിച്ച് നടത്തുന്ന സീഫുഡ് മേളയിലെ നീരാളി വിഭവങ്ങൾ മത്സ്യപ്രേമികളുടെ ശ്രദ്ധാകേന്ദ്രമായി. മേളയിൽ നീരാളി മോമൊ, നീരാളി റോസ്റ്റ് തുടങ്ങി വൈവിധ്യമാർന്ന നീരാളി വിഭവങ്ങൾ ലഭ്യമാണ്. നീരാളിക്ക് പുറമെ കല്ലുമ്മക്കായ, ചെമ്മീൻ, കൂന്തൽ, മത്സ്യവിഭവങ്ങൾ, മത്സ്യം ചേർത്ത് നിർമിച്ച വിവിധയിനം പലഹാരങ്ങൾ, സാഗര സദ്യ, കല്ലുമ്മക്കായ നിറച്ചത് തുടങ്ങിയ വിഭവങ്ങളും മേളയിലുണ്ട്.